LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ നഗരസഭയിലെ ക്രമക്കേടുകൾ

43 [1729] *ശ്രീമതി മേഴ്സി രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭയിലെ ധനകാര്യ കെടുകാര്യസ്ഥതയെപ്പറ്റി ധനകാര്യ വകുപ്പ് അന്വേഷിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്തെല്ലാം ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു;

(സി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് വീട് വച്ചുകൊടുക്കുന്നതിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നൽകിയ തുക പ്രസ്തുത മുനിസിപ്പാലിറ്റി വകമാറ്റി ചെലവ് ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു തുക ഇത്തരത്തിൽ വകമാറ്റി ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്വേഷിച്ചിരുന്നു.

(ബി) നഗരസഭാ സെക്രട്ടറിയുടെ പ്ലാൻ പി. ഡി. അക്കൗണ്ടിൽ നിന്നും 1999-2000-ൽ തുക പിൻവലിച്ചത് സംബന്ധിച്ച നടപടിക്രമങ്ങളിലെ പിശക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

രാജമ്മയ്ക്ക് ആശ്രയ പദ്ധതിയുടെ ആനുകൂല്യം

44 [1730] *ശ്രീ. വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ 12-ാം വാർഡിൽ കട്ടച്ചൽക്കുഴി തലത്തട്ട് പുത്തൻ വീട്ടിൽ രാജമ്മയ്ക്ക് ആശ്രയ പദ്ധതിയുടെ ആനുകൂല്യം നൽക